ഭാരത സർക്കാർ
നിയമ മന്ത്രാലയം

# 1882-ലെ മുക്ത്യാർ നാമങ്ങൾ ആക്റ്റ്

(1882-ലെ 7-ാം ആക്റ്റ്)

(1986 മേയ് 1-ാം തീയതി നിലവിലിരുന്നപ്രകാരം)

# THE POWERS OF ATTORNEY ACT, 1882

(ACT No. 7 OF 1882)

(AS ON 1st MAY, 1986)

വില : 5-60

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1986

# ആമുഖം

1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1882-ലെ മുക്ത്യാർ നാമങ്ങൾ ആക്റ്റിന്റെ (1882-ലെ 7-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1986 ജൂലൈ 28-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി 1 മുതൽ 3 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ പ്രാധികൃത തർജ്ജമകൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

സി. രാമൻ മേനോൻ,
ഭാരതസർക്കാരിന്റെ അഡീഷണൽ സെക്രട്ടറി.

ന്യൂഡൽഹി,
28-7-1986.

# PREFACE

This edition of the Powers of Attorney Act, 1882 (Act 7 of 1882) as on 1st May, 1986, contains the authorised translation of that Act in Malayalam and the same was published in the Gazette of India Extra-ordinary Part XI Section 1, No. 1 Vol. 1 dated 28th July, 1986 on pages 1 to 3.

This authorised translation in Malayalam was published under the authority of the President under clause (a) of Section 2 of the Authorised Translations (Central Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

C. RAMAN MENON,
*Additional Secretary to the Government of India.*

New Delhi,
28-7-1986.

# 1882-ലെ മുക്ത്യാർ നാമങ്ങൾ ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേര് | 1 |
| | തദ്ദേശ വ്യാപ്തി | |
| | പ്രാരംഭം | |
| 1. ക | നിർവ്വചനം | 1 |
| 2. | മുക്ത്യാർ നാമ പ്രകാരം ഒപ്പിട്ടു പൂർത്തീകരിക്കൽ | 1 |
| 3. | മരണം തുടങ്ങിയവ അറിവിൽപ്പെടാതെ മുക്ത്യാർ നാമം അനുസരിച്ച് പണം നൽകുന്നത് സാധുവാണെന്ന് | 1 |
| 4. | മുക്ത്യാർ നാമങ്ങൾ ഉണ്ടാക്കിക്കൊണ്ടുള്ള അസ്സൽ പ്രമാണങ്ങളുടെ നിക്ഷേപം | 2 |
| 5. | വിവാഹിതരായ സ്ത്രീകളുടെ മുക്ത്യാർ നാമങ്ങൾ | 2 |
| 6 | റദ്ദാക്കപ്പെട്ടു | 3 |


5-60

3/2720/B

# 1882-ലെ മുക്ത്യാർ നാമങ്ങൾ ആക്റ്റ്
## (1882-ലെ 7-ാം നമ്പർ ആക്റ്റ്)

[1882 ഫെബ്രുവരി, 24]

മുക്ത്യാർ നാമങ്ങൾ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യാനുള്ള ആക്റ്റ്.

മുക്ത്യാർ നാമങ്ങൾ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിന് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ഈ ആക്റ്റിന് 1882—ലെ മുക്ത്യാർ നാമങ്ങൾ ആക്റ്റ്, എന്നു പേര് പറയാം. ചുരുക്കപ്പേര്.

ഇത് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഇൻഡ്യക്ക് മുഴുവൻ ബാധകമാണ്. തദ്ദേശ വ്യാപ്തി

ഇത് 1882 മേയ് ഒന്നാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്. പ്രാരംഭം.

1. ക ഈ ആക്റ്റിൽ മുക്ത്യാർ നാമം എന്നതിൽ അത് ഒപ്പിട്ടു പൂർത്തീകരിക്കുന്ന വ്യക്തിക്കുവേണ്ടി അയാളുടെ പേരിൽ പ്രവർത്തിക്കുവാൻ ഒരു വ്യക്തിയെ വിനിർദ്ദേശിച്ച് അധികാരപ്പെടുത്തുന്ന ഏതൊരു പ്രമാണവും ഉൾപ്പെടുന്നതാകുന്നു. നിർവ്വചനം.

2. മുക്ത്യാർ നാമത്തിന്റെ ആദാതാവിന് തനിക്ക് യുക്തമെന്ന് തോന്നുന്നപക്ഷം, മുക്ത്യാർ ദാതാവിന്റെ അധികാരത്തിൽ, തന്റെ സ്വന്തം പേരിലും കയ്യൊപ്പോടും, മുദ്ര ആവശ്യമുള്ളപക്ഷം, തന്റെ സ്വന്തം മുദ്രയോടും കൂടി ഏതൊരു പ്രമാണവും ഒപ്പിട്ട് പൂർത്തീകരിക്കാവുന്നതും ഏതൊരു കാര്യവും ചെയ്യാവുന്നതും; അപ്രകാരം ആദാതാവ് ഒപ്പിട്ടു പൂർത്തീകരിച്ച ഏതൊരു പ്രമാണത്തിനും ചെയ്ത ഏതൊരു കാര്യത്തിനും ദാതാവിന്റെ പേരിൽ ദാതാവിന്റെ കയ്യൊപ്പോടും മുദ്രയോടും കൂടി ആദാതാവ് ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യുകയോ ചെയ്തിരുന്നാൽ എന്നപോലെ നിയമപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു. മുക്ത്യാർ നാമ പ്രകാരം ഒപ്പിട്ടു പൂർത്തീകരിക്കൽ.

ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുൻപും അതിനുശേഷവും ഒപ്പിട്ട് പൂർത്തീകരിച്ച പ്രമാണങ്ങളാൽ ഉണ്ടാക്കിയിട്ടുള്ള മുക്ത്യാർ നാമങ്ങൾക്ക്, ഈ വകുപ്പ് ബാധകമാണ്.

3. ഒരു മുക്ത്യാർ നാമം അനുസരിച്ച് ഉത്തമവിശ്വാസത്തിൽ ഏതെങ്കിലും തുക നൽകുകയോ പ്രവൃത്തി ചെയ്യുകയോ ചെയ്യുന്ന ഒരാൾക്ക്, ആ തുക നൽകുന്നതിനും പ്രവൃത്തി ചെയ്യുന്നതിനും മുൻപായി, ദാതാവ് മരിച്ചുപോകുകയോ ചിത്തഭ്രമമുള്ളവനാകുകയോ നിർദ്ധനനാകുകയോ അഥവാ ദാതാവ് മുക്ത്യാർനാമം പിൻവലിക്കുകയോ ചെയ്ത കാരണത്താൽ ആ തുക നൽകിയ സമയത്തോ പ്രവൃത്തി ചെയ്ത സമയത്തോ ദാതാവിന്റെ മരണമോ ചിത്തഭ്രമമോ നിർദ്ധനത്വമോ മുക്ത്യാർ നാമത്തിന്റെ പിൻവലിക്കലോ തുക നൽകുകയോ പ്രവൃത്തി ചെയ്യുകയോ ചെയ്യുന്ന ആളിന്റെ അറിവിൽപ്പെട്ടിരുന്നില്ലെങ്കിൽ, ആ തുക നൽകുന്നതോ പ്രവൃത്തി ചെയ്യുന്നതോ സംബന്ധിച്ച് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല: മരണം തുടങ്ങിയവ അറിവിൽപ്പെടാതെ മുക്ത്യാർ നാമം അനുസരിച്ച് പണം നൽകുന്നത് സാധുവാണെന്ന്.

എന്നാൽ ഈ വകുപ്പ്, അപ്രകാരം നൽകപ്പെട്ട ഏതെങ്കിലും തുകയിൽ അവകാശബന്ധമുള്ള ഒരാളിന് തുക വാങ്ങിയ ആളിന് എതിരായുള്ള യാതൊരു അവകാശത്തേയും ബാധിക്കുന്നതല്ലാത്തതും ആ ആളിന് തുക നൽകിയിട്ടില്ലായിരുന്നുവെങ്കിൽ തുക നൽകുന്ന ആളിനെതിരെ ലഭ്യമാകുമായിരുന്ന അതേ പരിഹാരം തുക വാങ്ങിയ ആളിന് എതിരായും ഉണ്ടായിരിക്കുന്നതും ആകുന്നു.

ഈ ആക്ററ് പ്രാബല്യത്തിൽ വന്നതിനുശേഷം നൽകിയിട്ടുള്ള തുകയ്ക്കും ചെയ്തിട്ടുള്ള പ്രവൃത്തികൾക്കും മാത്രം ഈ വകുപ്പ് ബാധകമാകുന്നതാണ്.

മുക്ത്യാർ നാമങ്ങൾ ഉണ്ടാക്കിക്കൊണ്ടുള്ള അസ്സൽ പ്രമാണങ്ങളുടെ നിക്ഷേപം.

4. (ക) ഒരു മുക്ത്യാർ നാമം ഉണ്ടാക്കിക്കൊണ്ടുള്ള ഒരു പ്രമാണം, സത്യവാങ്മൂലമോ നിയമപ്രകാരമുള്ള പ്രഖ്യാപനമോ അഥവാ മററു മതിയായ തെളിവോ കൊണ്ട് അത് എഴുതി കൊടുത്തത് സത്യബോധപ്പെടുത്തിയിട്ടുള്ളപ്പോൾ, ആ പ്രമാണം, സത്യവാങ്മൂലമോ പ്രഖ്യാപനമോ ഏതെങ്കിലുമുണ്ടെങ്കിൽ, അതുസഹിതം ഏത് ഹൈക്കോടതിയുടേയോ ഡിസ്ട്രിക്ററ് കോടതിയുടേയോ വിചാരണാധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ ആ പ്രമാണം ഉള്ളത് ആ ഹൈക്കോടതിയിൽ നിക്ഷേപിക്കേണ്ടതാണ്.

(ഖ) അപ്രകാരം നിക്ഷേപിക്കുന്ന പ്രമാണങ്ങളുടെ ഒരു പ്രത്യേക ഫയൽ വച്ചുപോരേണ്ടതും, ഏതൊരാളിനും ആ ഫയൽ ശോധന നടത്താവുന്നതും, അപ്രകാരം നിക്ഷേപിക്കുന്ന ഏതൊരു പ്രമാണവും പരിശോധിക്കാവുന്നതും, അപേക്ഷിക്കുന്നതിൻമേൽ അതിൻെറ സർട്ടിഫൈ ചെയ്ത ഒരു പ്രതി അയാൾക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതും ആകുന്നു.

(ഗ) അപ്രകാരം നിക്ഷേപിക്കുന്ന പ്രമാണത്തിൻെറ ഒരു പ്രതി ആഫീസിൽ ഹാജരാക്കാവുന്നതും സർട്ടിഫൈ ചെയ്ത ഒരു പ്രതിയായി മുദ്രവയ്ക്കാവുന്നതും അടയാളപ്പെടുത്താവുന്നതും, അപ്രകാരം മുദ്രവയ്ക്കുകയോ അടയാളപ്പെടുത്തുകയോ ചെയ്യുമ്പോൾ അതു ഒരു സർട്ടിഫൈ ചെയ്ത പ്രതിയായിത്തീരുന്നതും ആകുന്നു.

(ഘ) അപ്രകാരം നിക്ഷേപിക്കുന്ന പ്രമാണത്തിൻെറ ഒരു സർട്ടിഫൈ ചെയ്ത പ്രതി, കൂടുതൽ തെളിവു കൂടാതെ, പ്രമാണത്തിൻെറ ഉള്ളടക്കത്തിൻേറയും ഹൈക്കോടതിയിലോ ഡിസ്ട്രിക്ററ് കോടതിയിലോ അത് നിക്ഷേപിച്ചിട്ടുള്ളതിൻേറയും മതിയായ തെളിവായിരിക്കുന്നതാണ്.

(ങ) ഈ വകുപ്പിൻെറ ആവശ്യത്തിലേക്കും, സംസ്ഥാന സർക്കാരിൻെറ സമ്മതത്തോടുകൂടി (ക), (ഖ), (ഗ) എന്നീ ഖണ്ഡങ്ങൾ പ്രകാരം ഈടാക്കേണ്ട ഫീസ് നിർണ്ണയിച്ചുകൊണ്ടും ഹൈക്കോടതിക്ക്, അതതുസമയം, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ച) ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനു മുൻപും അതിനു ശേഷവും മുക്ത്യാർ നാമങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒപ്പിട്ട് പൂർത്തീകരിച്ച പ്രമാണങ്ങൾക്ക് ഈ വകുപ്പ് ബാധകമാകുന്നതാണ്.

വിവാഹിതരായ സ്ത്രീകളുടെ മുക്ത്യാർ നാമങ്ങൾ.

5. പ്രായപൂർത്തിയെത്തിയ ഒരു വിവാഹിതയായ സ്ത്രീക്ക്, അവർ അവിവാഹിത ആയിരുന്നാലെന്നപോലെ, മരണശാസനപത്രമല്ലാതെയുള്ള ഒരു പ്രമാണത്താൽ, മരണശാസനപത്രം അല്ലാതെയുള്ള ഒരു പ്രമാണം ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനോ, അല്ലെങ്കിൽ അവർക്ക് നേരിട്ട് ഒപ്പിട്ട് പൂർത്തീകരിക്കാനോ ചെയ്യാനോ കഴിയുന്ന മറേറതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ വേണ്ടി, തനിക്കുവേണ്ടി ഒരു മുക്ത്യാർ നാമാവിനെ നിയമിക്കാൻ ഈ ആക്ററിൻെറ ബലത്തിൽ അധികാരമുണ്ടായിരിക്കുന്നതും മുക്ത്യാർ നാമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രമാണങ്ങൾ സംബന്ധിച്ച ഈ ആക്ററിലെ വ്യവസ്ഥകൾ അതിന് ബാധകമാകുന്നതും ആകുന്നു.

ഈ ആക്റ്റ് പ്രാബല്യത്തിൽവന്നതിനുശേഷം എഴുതിക്കൊടുത്ത പ്രമാണങ്ങൾക്കുമാത്രം ഈ വകുപ്പ് ബാധകമായിരിക്കുന്നതാണ്.

6. [1866-ലെ XXVIII-ാം ആക്റ്റിലെ 39-ാം വകുപ്പ് റദ്ദാക്കപ്പെട്ടു] ഭേദഗതി ആക്റ്റ്, 1891 (1891-ലെ 12) 2-ാം വകുപ്പിനാലും ഒന്നാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

C. RAMAN MENON,
*Additional Secretary to the Government of India.*

— —